കൊടുക്കാമെന്നുമൊക്കെ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എങ്കിൽപോലും അത് ആര് അസ്സസ് ചെയ്യും, മാർക്ക് ഇടുന്ന അദ്ധ്യാപകർ തന്നെയാണോ അതിന്റെ അപ്പീൽ പരിശോധിക്കുന്നത്, ആരാണ് കൃത്യമായി ചെയ്യുന്നത് എന്ന് വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. അതിനെക്കുറിച്ച് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഹെഡ്മാസ്റ്റർമാർക്ക് പരാതി ലഭിച്ചാൽ, ആ പരാതി ഹെഡ്മാസ്റ്റർ, ടീച്ചേഴ്സ് ഗ്രൂപ്പ് അടങ്ങുന്ന കമ്മിറ്റി പരിശോധിക്കും. അതുമല്ലെങ്കിൽ ഡി.ഇ.ഒ. മുഖേനയുള്ള സംവിധാനമുണ്ട്, എന്നിട്ടേ പരാതി പരിഹരിക്കുകയുള്ളൂ.

എസ്. എസ്. എൽ. സി. പരീക്ഷാ ഗ്രേഡിംഗ് സമ്പ്രദായം

*2 [133] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഈ വർഷം മുതൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് അനർഹമായ രീതിയിൽ ഗ്രേഡുകൾ നൽകുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഗ്രേഡിംഗ് സംബന്ധിച്ച് വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും ഉള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): (എ), (ബി): ഉണ്ട്, എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് 2005 മുതൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4-2-2004-ൽ ജി.ഒ. (പി) 53/04/പൊതു. വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മൂല്യനിർണ്ണയം പ്രധാനമായും മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. കുട്ടികളുടെ പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട വിലയിരുത്തൽ (വൈജ്ഞാനികമേഖല), പ്രവൃത്തിപരിചയം, കലാപഠനം, ആരോഗ്യ-കായിക വിദ്യാഭ്യാസം എന്നിവയിലുള്ള മികവ് വിലയിരുത്തൽ (സഹവൈജ്ഞാനികമേഖല)

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനവും സാമൂഹികമായ ഉയർച്ചയും വിലയിരുത്തൽ എന്നിവയാണ് പ്രസ്തുത വിഭാഗങ്ങൾ പരിഷ്ക്കരിച്ച മൂല്യനിർണ്ണയ രീതി സംബന്ധിച്ച് സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ 10-ാം ക്ളാസിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർമാർക്കും പരിശീലനം നടന്നുവരുന്നുണ്ട്. മൂന്ന് ഘട്ടങ്ങളായി ഉദ്ദേശിച്ച പരിശീലനം ഉടനെ പൂത്തിയാക്കും. പൊതു പരീക്ഷയ്ക്കുള്ള ഓരോ വിഷയത്തിന്റേയും മൂല്യനിർണ്ണയ രീതികൾ, എസ്. എസ്. എൽ. സി. പരീക്ഷാ ചോദ്യപേപ്പറിന്റെ മാതൃകകൾ, കുട്ടികൾ തയ്യാറാക്കി സമർപ്പിക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അവർക്ക് സ്കോർ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ, മാതൃകാ ഫോർമാറ്റുകൾ, അദ്ധ്യാപകർക്കുള്ള പൊതു നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സോഴ്സ് ബുക്കുകളും എല്ലാ ഹൈസ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയവും ഗ്രേഡിംഗും സംബന്ധിച്ച ധാരണ എല്ലാ അദ്ധ്യാപകർക്കും ഇതിലൂടെ ലഭിക്കുന്നതാണ്. (ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും പരിഷ്ക്കരിച്ച മൂല്യ നിർണ്ണയ രീതി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശം ഉൾക്കൊള്ളുന്ന ഹാന്റ് ബുക്ക് വിതരണം ചെയ്തിട്ടുണ്ട്). 13 വിഷയങ്ങൾക്കുകൂടിയുള്ള സ്കീം ഓഫ് വർക്ക് ഒറ്റ പുസ്തകമാക്കി പ്രസിദ്ധീകരിച്ച് ഡി.ഇ.ഒ. മാർ മുഖേന ഹൈസ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതും സോഴ്സ് ബുക്കുകളും മൂല്യനിർണ്ണയം സംബന്ധിച്ച റഫറൻസ് പുസ്തകങ്ങളായി ഉപയോഗിക്കാവുന്നതാണ്.

(സി) മൂല്യനിർണ്ണയവും ഗ്രേഡിംഗും സംബന്ധിച്ച ഉത്തരവ് മൂല്യനിർണ്ണയ രൂപരേഖ, സോഴ്സ് ബുക്കുകൾ, സ്കീം ഓഫ് വർക്ക് എന്നിവ സ്കൂളുകൾക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട്. അവയെ ആസ്പദമാക്കി മൂല്യനിർണ്ണയം നടത്തുവാൻ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം കൃത്യമായി നടപ്പാക്കാൻ ഓരോ വിഷയവും പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചു കൂടുന്ന സ്കൂൾ സബ്ജക്ട് റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് മുഖേന അദ്ധ്യാപകർ കുട്ടികൾക്കു നൽകുന്ന സ്കോറുകൾ സുതാര്യമായിരിക്കാൻ അവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പരാതി ഉള്ളവർക്ക് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിലുള്ള സമിതിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഈ നടപടിക്രമം പൂർത്തിയായതിനുശേഷം മാത്രമേ പരീക്ഷാഭവനിലേയ്ക്ക് ഓരോ വിദ്യാർത്ഥിയുടേയും ഗ്രേഡ് വിവരം റിപ്പോർട്ടു ചെയ്യാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വിഷയത്തിലുമുള്ള പഠന പുരോഗതി അദ്ധ്യാപകർ അപ്പപ്പോൾ രേഖപ്പെടുത്തുന്നത് പി.ടി.എ. യോഗങ്ങളിൽ രക്ഷകർത്താക്കളുടെ അറിവിലേയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. പാർട്ട് I, പാർട്ട് III എന്നിവയിലെ ഗ്രേഡ് മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നതുമൂലം പരിഷ്ക്കരിച്ച രീതി കൂടുതൽ സുതാര്യമാകും.

(ഡി) ഗ്രേഡുകൾ നിൽകുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പരിശീലനവും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

അനർഹമായി ഗ്രേഡ് നൽകുമെന്ന ആശങ്ക അസ്ഥാനത്താണ്. എങ്കിലും അനർഹമായി ഗ്രേഡു നൽകുന്നത് സംബന്ധിച്ച പരാതി ഉണ്ടായാൽ അത് പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ജില്ലാതലത്തിൽ രൂപീകൃതമാകുന്ന സമിതി പ്രത്യേകം പരിശോധിക്കുന്നതാണ്. കൂടാതെ ഏതെങ്കിലും സ്കൂളിൽ കുട്ടികൾക്ക് മൊത്തമായി അനർഹമായ ഗ്രേഡ് നൽകിയിട്ടുണ്ടെങ്കിൽ അവ പ്രത്യേകം പരിശോധിക്കുന്നതാണ്.

(ഇ) താഴെക്കാണുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) പുതുക്കിയ മൂല്യനിർണ്ണയത്തെയും ഗ്രേഡിംഗിനേയും സംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്ന വിശദവിവരങ്ങൾ.

4-2-2004-ലെ ജി.ഒ. (പി) 53/04/പൊ.വി.വ. സർക്കാർ ഉത്തരവിലുണ്ട്.

(2) 5 മുതൽ 10 വരെയുള്ള ക്ളാസുകളിലെ മൂല്യനിർണ്ണയത്തെ സംബന്ധിച്ചുള്ള രൂപരേഖ 2003-ൽ തന്നെ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ യു.പി./ ഹൈസ്കൂളുകൾക്കും വിതരണം ചെയ്തിട്ടുണ്ട്.

(3) എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും മൂല്യനിർണ്ണയത്തെ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ രക്ഷാകർത്താക്കൾക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(4) ഗ്രേഡിംഗിന്റെ വിശദവിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിലൂടെ ലഭിക്കുന്ന അഭിപ്രായങ്ങൾ പരിശോധിച്ച് മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഗ്രേഡ് തിരിച്ചുള്ള എസ്. എസ്. എൽ. സി. സംവിധാനം വരുമ്പോൾ, ഏത് പ്രവർത്തനം ആരംഭിക്കുമ്പോഴും സ്വാഭാവികമായിട്ടും ഒരു പോളിസി.അതിന്റെ ഭാഗമായിട്ടുള്ള പ്രോഗ്രാം, അതിനുള്ള പശ്ചാത്തല സൗകര്യം ഇവയൊക്കെ വേണം. അതിനുതകുന്ന ടൈംടേബിൾ വേണം. അതിനുള്ള ട്രെയിൻഡായിട്ടുള്ള ആളുകൾ വേണം. ഇതൊന്നും തയ്യാറാക്കാതെ എട്ടാംക്ലാസിലും ഒമ്പതാംക്ലാസിലുമൊന്നും ഈ രീതിയിലുള്ള പഠനം ആരംഭിക്കാതെ, പത്താം ക്ലാസ്സിൽ 650 മാർക്ക് എഴുത്തുപരീക്ഷയ്ക്കും ഏകദേശം അതിന്റെ പകുതിയോളം വരുന്ന 250 മാർക്ക് നിരന്തര മൂല്യനിർണ്ണയത്തിനും എന്നുള്ള സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ വരുമ്പോൾ കുറ്റമറ്റ രീതിയിൽ ഈ കാര്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടിയുള്ള വല്ല പരിശീലനവും ടൈംടേബിളും ഏർപ്പെടുത്തിയിട്ടുണ്ടോ? സ്പോർട്ട്സും തൊഴിൽ പരിചയവും ഉൽപ്പെടെയുള്ള കാര്യങ്ങൾക്കെങ്കിലും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനം ഇന്നത്തെ ഹയർസെക്കണ്ടറിക്ക് നിർവ്വഹിക്കുന്നതിന് ഏതെങ്കിലും രീതിയിൽ സാധിക്കുന്നതാണോ; അല്ലെങ്കിൽ ഈ കാര്യങ്ങളൊക്കെ പണ്ടത്തെപ്പോലെതന്നെ നടക്കുന്ന അവസ്ഥയിലേക്ക് പോകും. ഇത് ഒഴിവാക്കാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. നാലകത്ത് സൂപ്പി: മൂല്യനിർണ്ണയ രീതി വളരെ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ അദ്ധ്യാപക സംഘടനകളേയും എസ്. സി. ഇ. ആർ. ടി.-യിലും ബന്ധപ്പെട്ട ആളുകളുടെ മുമ്പിലും വിളിച്ചുവരുത്തി വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എസ്. സി. ഇ. ആർ. ടി. ഇതുമായി ബന്ധപ്പെട്ട് നാല് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും അവ അയച്ചുകൊടുത്തിട്ടുണ്ട്. ഒമ്പതാം ക്ലാസ്സിൽ ഇപ്പോൾ മൂല്യനിർണ്ണയമുണ്ട്. എല്ലാ അദ്ധ്യാപക സംഘടനകളും പൊതുജനങ്ങളും പൊതുവേ അംഗീകരിക്കുന്നതാണ് മൂല്യനിർണ്ണയം. നാഷണൽ ലവലിലുള്ള ഒരുപാട് കമ്മീഷനുകളുടെ റെക്കമെന്റേഷനുണ്ട്. ഫസ്റ്റ് യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മീഷൻ 1948-1949 അത് റെക്കമെന്റ് ചെയ്തിട്ടുണ്ട്. അടിസ്ഥാന വിദ്യാഭ്യാസം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഈ രീതി സ്വീകരിക്കണമെന്നാണ് അന്ന് പറഞ്ഞത്. മുതലിയാർ കമ്മീഷൻ റിപ്പോർട്ടുണ്ട്. എഡ്യൂക്കേഷൻ കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട ശുപാർശകൾ 1966-ൽ നൽകിയിട്ടുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസി 1986-ൽ രാജീവ്ഗാന്ധി കൊണ്ടുവന്നതിൽ ഇത് പരാമർശിച്ചിട്ടുണ്ട്. റിവൈസ്ഡ് നാഷണൽ എഡ്യൂക്കേഷൻ പോളിസി 1992-ൽ കൊണ്ടുവന്നു. അതിലും മൂല്യനിർണ്ണയത്തെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ദേശീയമായ കാഴ്ചപ്പാടുള്ള ഒരു സംവിധാനമാണ് നമ്മൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. രാമമൂർത്തി കമ്മറ്റി 1990-ൽ ഇതുമായി ബന്ധപ്പെട്ട് വിശദമായി ചർച്ച ചെയ്തു. എൻ. സി. ഇ. ആർ. ടി.-യും എസ്. സി. ഇ. ആർ. ടി-യും വിശദമായി ചർച്ച ചെയ്തിട്ട് രൂപീകരിച്ച ഈ മൂല്യനിർണ്ണയ സംവിധാനത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിശോധിച്ച് വളരെ കുറ്റമറ്റതാക്കാൻ ശ്രമിക്കും.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഞാൻ ചോദിച്ചത് ഈ നിലവാരത്തിൽ എത്തുന്നതിനുവേണ്ടിയുള്ള കായിക പരിശീലനം, തൊഴിൽ പരിചയം, സാംസ്ക്കാരിക രംഗത്തുള്ള പ്രവർത്തനങ്ങൾ അങ്ങനെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പശ്ചാത്തല സൗകര്യവും ടൈംടേബിളിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടെ സ്കൂളുകളിൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്നതാണ്. മാനേജ്മെന്റുകളുടേയും അദ്ധ്യാപകരുടേയും ആത്മനിഷ്ഠമായ നിലപാടുകൾ ഈ ആദ്യത്തെ 250 മാർക്ക് കൊടുക്കുന്നതിനും പിന്നീട് ഗ്രേഡ് തിരിക്കുന്നതിനും ഒക്കെ നല്ലതുപോലെ സ്വാധീനിക്കുമെന്നുള്ള ആശങ്കയാണ് കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വാർത്താമാദ്ധ്യമങ്ങളിലൊക്കെ നിറഞ്ഞുനിൽക്കുന്നത്. ഈ ആശങ്ക അകറ്റുന്നതിനുവേണ്ടിയുള്ള നിലപാടുകൾ ഗൗരവതരമായി കൈകാര്യം ചെയ്യാൻ സാധിക്കുമോഎന്നുള്ളതാണ് എന്റെ രണ്ടാമത്തെ ചോദ്യം. ഞാൻ ഈ സംവിധാനത്തെ എതിർക്കുകയല്ല ചെയ്യുന്നത്. അതിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കുതകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോഎന്നുള്ളതാണ്?

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പശ്ചാത്തല സൗകര്യം ഒരുക്കണം, ടീച്ചേഴ്സിനെ നിയമിക്കണം—ഇപ്പോഴുള്ള ടീച്ചേഴ്സ്തന്നെ ഈ വിഷയങ്ങളിലൊക്കെ പ്രാഗൽഭ്യം നേടിയിട്ടുണ്ട്. ടി. ടി. സി.-യും ബി. എഡ്.-ഉം ഉള്ള എല്ലാ ടീച്ചേഴ്സിനും ഈ മേഖലയിൽ മുൻഗണന നൽകിയിട്ടുണ്ട്. പശ്ചാത്തല സൗകര്യം ഒരുക്കണമെന്ന് പറഞ്ഞു. അത് ഇപ്പോഴുള്ള നിലയിൽ നടക്കും. ഈ രീതിയിൽ കുറ്റമറ്റതാക്കാൻ പ്രായോഗികമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങയുടെ ഉത്തരത്തിൽ മൂല്യനിർണ്ണയത്തെ സംബന്ധിച്ച് പറയുന്ന ഭാഗത്ത് മൂല്യനിർണ്ണയത്തിൽ സഹവൈജ്ഞാനിക മേഖലയെക്കുറിച്ച് പറയുന്നുണ്ട്. സഹവൈജ്ഞാനിക മേഖലയിൽ പ്രധാനമായും സംഗീതം, ആരോഗ്യം, കായികം, തൊഴിൽ പരിചയം എന്നിവയാണ് വരുന്നത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കുറേ വർഷങ്ങളായി സംഗീതം, പ്രവർത്തിപരിചയം, കായികം എന്നീ മേഖലകളിൽ അദ്ധ്യാപകരെ നിയമിക്കുന്നില്ല. അത് പൂർണ്ണമായും ഉപേക്ഷിച്ച അവസ്ഥയിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയൊരു ശാസ്ത്രീയമായ രീതിയിലേയ്ക്ക് പോകുമ്പോൾ പുരോഗമനപരമായ ഒരു വലിയ പരിഷ്ക്കാരം നിലവിലുള്ള സമ്പ്രദായത്തിൽ വരുത്തുന്ന സന്ദർഭത്തിൽ അത് കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ രീതിയിൽ ഈ സഹവൈജ്ഞാനിക മേഖല പൂർണ്ണമായും അതിന് കഴിവുള്ളവരുടെ നേതൃത്വത്തിൽ നടത്തണമെങ്കിൽ നമ്മുടെ സ്കൂളുകളിൽ കായികാദ്ധ്യാപകരേയും പ്രവർത്തിപരിചയ അദ്ധ്യാപകരേയും സംഗീത അദ്ധ്യാപകരേയും നിശ്ചയിക്കേണ്ടതാവശ്യമല്ലേ? ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെ അദ്ധ്യാപകരെ നിശ്ചയിക്കാനും ഇന്നുള്ളവർക്ക് നിയമനം കൊടുക്കാനും തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: കായികാദ്ധ്യാപകരേയും സംഗീതാദ്ധ്യാപകരേയും നിശ്ചയിക്കുക എന്നുള്ളത് വളരെ കോംപ്ലിക്കേറ്റഡായിട്ടുള്ള ഒരു പ്രശ്നമാണ്. ഏതായാലും ഇപ്പോഴുള്ള സംവിധാനത്തിൽ ഈ രീതിയിലെ നടക്കുകയുള്ളൂ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഇതിനെ സ്വാഗതം ചെയ്യുകയാണെന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ പറഞ്ഞു. ശരിയാണ്. നിലവിലുള്ള സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുകയാണ്. വേണ്ടത്ര തയ്യാറെടുപ്പ് ഇതിനുണ്ടായി എന്ന് പറയാറായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അദ്ധ്യാപകർക്ക് ആവശ്യമായിട്ടുള്ള പരിശീലനം കൊടുത്തിട്ടുണ്ടെന്ന്. അത് എത്രത്തോളം സമ്പൂർണ്ണമാണെന്ന് പറയാൻ സാദ്ധ്യമല്ല. ആ പരിഷ്ക്കാരത്തിൽ രക്ഷകർത്താക്കൾക്ക് വേണ്ടത്ര ഇൻവോൾമെന്റ് ഉണ്ടാകണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ രക്ഷകർത്താക്കൾക്ക് ഇപ്പോൾതന്നെ വലിയ ഉൽകണ്ഠയുണ്ട്. ആ ഉൽകണ്ഠ ശമിപ്പിക്കത്തക്ക രീതിയിൽ, അതാത് സ്ക്കൂളുകളിൽ മാത്രമല്ല, പി. ടി. എ.-യ്ക്ക് സംസ്ഥാനതലത്തിൽ സംഘടനയുണ്ട്. ഹൈസ്ക്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന പി. ടി. എ.-യുടെ ഭാരവാഹികളെയെങ്കിലും, ജില്ലാ തലത്തിലോ മേഖലാതലത്തിലോ വിളിച്ചുചേർത്ത് ഇതുസംബന്ധിച്ച് രക്ഷകർത്താക്കൾക്കും പി. ടി. എ.-ക്കും എന്തു പങ്കുവഹിക്കാൻ കഴിയും, അവരുടെ ഉത്തരവാദിത്വം എന്താണെന്ന് പഠിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. നാലകത്ത് സൂപ്പി: ഇപ്പോൾതന്നെ ധാരാളം പ്രസിദ്ധീകരണങ്ങൾ മൂല്യനിർണ്ണയത്തെ സംബന്ധിച്ചുണ്ട്. അതുപോലെ ഇൻഫർമേഷൻ വകുപ്പും വിദ്യാഭ്യാസ വകുപ്പും ഒരു സി. ഡി. പുറത്തിറക്കാൻതുരുമാനിച്ചിട്ടുണ്ട്.

ഇതുസംബന്ധിച്ച രേഖകളൊക്കെ പ്രസന്നകുമാറിനെപ്പോലെയുള്ള ആളുകൾ വിതരണം ചെയ്തിട്ടുണ്ട്. ബൃഹത്തായ പ്രചരണ പരിപാടി ആരംഭിക്കാൻ പി. ടി. എ. നേതൃത്വം കൊടുക്കണം, ഡിപ്പാർട്ട്മെന്റ് നേതൃത്വം കൊടുക്കണം. അത് ചെയ്യും.

ശ്രീ. വി. ചെന്താമരാക്ഷൻ: കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റം വരുത്തുന്ന പരിഷ്ക്കാരമാണ് ഗ്രേഡിംഗ് സമ്പ്രദായം. വൈജ്ഞാനിക മേഖല, സഹവൈജ്ഞാനിക മേഖല, മൂന്നാമത് വ്യക്തിത്വ വികസനവും സാമൂഹ്യ പഠനവും എന്ന രീതിയിലാണ് വരുന്നത്. വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റം വരുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ അദ്ധ്യാപകരുടെ നിർണ്ണായകമായ പങ്ക് വേണമെന്നുള്ളതാണ്. ഈ അദ്ധ്യാപകരുടെ നിർണ്ണായക പങ്ക് എന്നുപറയുന്നത് ഇന്റേണൽ അസ്സസ്മെന്റുമായി ബന്ധപ്പെട്ടുവരുന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഇന്റേണൽ അസ്സസ്മെന്റ് നിലവിലുണ്ട്. അദ്ധ്യാപകർക്ക് വിദ്യാർത്ഥികളോട് വിരോധമുണ്ടെങ്കിൽ അത് പല തരത്തിലാകാം. കുട്ടിയെ ശല്യപ്പെടുത്തിക്കളയാം, അല്ലെങ്കിൽ എന്തെങ്കിലും താൽപ്പര്യമുണ്ടെങ്കിൽ അതിനനുസരിച്ച് സഹായിക്കുകയും ചെയ്യാം. ഇത്തരം ആക്ഷേപങ്ങൾ വരുമ്പോൾ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: ഒരു അദ്ധ്യാപകനും മനഃപ്പൂർവ്വം കുട്ടിയെ തോൽപ്പിക്കാൻ കഴിയില്ല. ഹെഡ്മാസ്റ്റർമാർക്ക് പരാതി കൊടുക്കാം. അല്ലെങ്കിൽ ഡി. ഇ. ഒ.-മാർക്ക് പരാതി കൊടുക്കാം. ജനുവരിയിൽ മൂല്യനിർണ്ണയരേഖ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. അതിനകത്ത് പരാതിയുണ്ടെങ്കിൽ പരിശോധന നടത്താം.

ശ്രീ. വി. ചെന്താമരാക്ഷൻ: പരാതിയുണ്ടെങ്കിൽ പരാതി കൊടുക്കാമെന്നത് അവിടെ നിലനിൽക്കും. ഇപ്പോൾ നിലവിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് അങ്ങനെയുള്ള സംവിധാനമാണുള്ളത്. എസ്. എസ്. എൽ. സി. കഴിഞ്ഞ് ഉപരി പഠനത്തിന് അപേക്ഷ കൊടുക്കുന്ന കുട്ടികൾക്ക് എ പ്ലസ് ആണ് ഏറ്റവും മുന്തിയ ഗ്രേഡ് ആയിട്ട് വരുന്നത്. 50 സീറ്റുകളുള്ള ഒരു സ്കൂളിൽ അപേക്ഷ കൊടുക്കുമ്പോൾ എ പ്ലസും 'എ' ഗ്രേഡിലുമുള്ള 45 പേർക്ക് അഡ്മിഷൻ കിട്ടി. ബാക്കി ബി ഗ്രേഡിലുള്ള 10 ആളുകളിൽനിന്നും 5 കുട്ടികളെ എങ്ങനെ സെലക്ട് ചെയ്യും. അതിനെ സംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: 10-ാം ക്ലാസ്സിലേയ്ക്കുള്ള ഗ്രേഡിംഗ് രീതി പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയാണ്. 90 and above A+ അങ്ങ് സൂചിപ്പിച്ച പോലെ Outstanding വിദ്യാർത്ഥികളായി കണക്കാക്കുന്നു. 80-നും 89-നും ഇടയിലുള്ള വിദ്യാർത്ഥികൾ 'A' Grade—Excellent, 70-നും 79-നും ഇടയിലുള്ളവർ B+ —Very Good, 60-നും 69-നും ഇടയിലുള്ള വിദ്യാർത്ഥികളെ 'B'— Good,

LIBRARY ARCHIVES Kerala Legislative Assembly

50-നും 59-നും ഇടയിലുള്ളവർ C+ —Above Average, 40നും 49-നും ഇടയിലുള്ളവർ 'C' Grade Average, 30നും 39-നും ഇടയിലുള്ളവർ D+ —Marginal. ഈ മാർജിനൽ വരെയുള്ളവർക്ക് പ്ലസ് ടു-ന് അഡ്മിഷൻ കൊടുക്കാം. അതുകഴിഞ്ഞ് D, E എന്നീ കാറ്റഗറിയിൽ വരുന്ന വിദ്യാർത്ഥികൾക്ക് 'SAY' പരീക്ഷയെഴുതാം.

മി.സ്പീക്കർ: എന്തെങ്കിലും സെലക്ഷൻ വന്നാൽ ഒരേ ഗ്രേഡിലുള്ള കൂടുതൽ ആളുകൾ കാണും. അതിൽ അഞ്ച് പേരെ സെലക്ട് ചെയ്യണം. എങ്ങനെ സെലക്ട് ചെയ്യുമെന്നുള്ളതാണ് ചോദ്യം.

ശ്രീ. നാലകത്ത് സൂപ്പി: ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ്.

മി.സ്പീക്കർ: ഒരു ഗ്രേഡല്ലേയുള്ളു. Suppose there are 50 B+. അതിൽ നിന്ന് നമുക്ക് 5 പേരെ അഡ്മിഷന് വേണ്ടി സെലക്റ്റ് ചെയ്യണം. അങ്ങനെയാണെങ്കിൽ എങ്ങനെ സെലക്റ്റ് ചെയ്യും?

ശ്രീ. നാലകത്ത് സൂപ്പി: ഈ പറഞ്ഞ പ്രകാരം 9 ഗ്രേഡാണുള്ളത്. ആ ഗ്രേഡിംഗിൽ മാർക്ക് കൊടുത്തിട്ട് മാർക്കിലേക്ക് പോകും.

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ: നേരത്തെ ചോദിച്ചതിന്റെ ക്ലാരിഫിക്കേഷൻ കൂടിയാണ്. ഗ്രേഡിംഗ് സമ്പ്രദായത്തിൽ പാഠ്യവിഷയങ്ങളോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും മൂല്യനിർണ്ണയം നടത്തിയാണ് മാർക്കിടുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പാർട്ട് II-ലെ അബ്സല്യൂട്ട് ഗ്രേഡിംഗിൽ കുട്ടികളുടെ ഏറ്റവും പ്രധാനമായിട്ടുള്ള ജൻമവാസനയെ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങൾ ആവശ്യമായി വരികയാണ്. മുമ്പ് നിർത്തിവച്ച മ്യൂസിക്കും നീഡിൽ വർക്ക് പോലുള്ള മറ്റ് കാര്യങ്ങൾ, നേരത്തെ ചോദിച്ചതിന് മന്ത്രി വ്യക്തമായ മറുപടി പറയുകയുണ്ടായില്ല. പാഠ്യവിഷയങ്ങൾ പഠിക്കുന്നതോടൊപ്പം പാഠ്യേതര വിഷയങ്ങളായിട്ടുള്ള നീഡിൽ വർക്കും മ്യൂസിക്കും അതുപോലെ പാർട്ട് III-ലെ സോഷ്യൽ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കാനാവശ്യമായ സ്റ്റാഫിനെ ഇപ്പോൾ പറഞ്ഞില്ലെങ്കിലും അവരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: ആവശ്യമായ സ്റ്റാഫ് എന്നു പറയുമ്പോൾ ഒരുപാട് ബാദ്ധ്യത വരുന്നുണ്ട്. ഈ സംവിധാനത്തിൽ നിലവിലുള്ള ടീച്ചേഴ്സിനെ ട്രെയിൻ ചെയ്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: എസ്.എസ്.എൽ.സി. റിസൾട്ട് വരുമ്പോഴാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്ന ഒരു കാലഘട്ടം ഉണ്ടാകുന്നത്. ഇനി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഓരോ സ്ക്കൂൾ ബേസിസിലും A+-കാർക്ക് അവാർഡ് കൊടുക്കാനുള്ള ഒരു സംവിധാനം ഉണ്ടാകരുത്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട ആശങ്ക ഇന്റേണൽ അസ്സസ്മെന്റുമായി ബന്ധപ്പെട്ടാണ്. എനിക്ക് ചെറിയൊരു നിർദ്ദേശം വയ്ക്കാനുള്ളത്. ഒരു സ്പെഷ്യൽ ടീമിനെ കേരളത്തിലെ സ്ക്കൂളുകളിൽ വിട്ട് ഒരു റാൻഡം സാമ്പിളെങ്കിലും നടത്താൻ തയ്യാറാകണമെന്നുള്ളതാണ്. എന്റെ മണ്ഡലത്തിൽ വൈദ്യുതി എത്താത്ത സ്ക്കൂളുകളുണ്ട്. അവിടെ ഐ.റ്റി. വിദ്യാഭ്യാസമുണ്ട്. അവിടെ കമ്പ്യൂട്ടർ എങ്ങനെ പഠിപ്പിക്കും? Suppose this is a computer എന്ന് ഒരു കാർഡ് ബോർഡ് പെട്ടി വച്ച് പഠിപ്പിക്കേണ്ട അവസ്ഥയാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. നാലകത്ത് സൂപ്പി:</u> നിലവിൽ സംസ്ഥാനത്തെ 11 സ്ക്കൂളുകളിൽ മാത്രമാണ് കമ്പ്യൂട്ടറുകൾ ഇല്ലാതെയുള്ളത്. അത് മലയോര മേഖലയിലും അതുപോലെതന്നെ റിമോട്ട് ഏരിയയിലുമാണ്. അതിന് ഡിസെല്ലാർ അതുമായി ബന്ധപ്പെട്ട സോളാർ പാനൽ, ഈ രണ്ട് വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. അടുത്ത കൊല്ലം എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ടൊക്കെ ഉപയോഗിക്കാം. ഏതായാലും താമസിയാതെ അതിന് പരിഹാരം കാണും.

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ:</u> IT @ School പദ്ധതി സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ ഒരു സഹായവും ആ പദ്ധതിയുടെ നടത്തിപ്പിനായി കൊടുത്തില്ല. വൈദ്യുതി ഇല്ലാത്തതുകൊണ്ട് കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സ്ക്കൂളുകളെ സംബന്ധിച്ച് പറഞ്ഞു. രണ്ടെണ്ണം എന്റെ - മണ്ഡലത്തിലുമുണ്ട്. കമ്പ്യൂട്ടർ വാങ്ങിക്കാൻ സ്ക്കൂളുകൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവാദം കൊടുത്തപ്പോൾ ഫിനാൻസ് വകുപ്പ് അതിനെ പൂർണ്ണായി തടഞ്ഞു. ഒരു സ്ക്കൂളിൽ രണ്ട് കമ്പ്യൂട്ടർ മാത്രമേ എം. എൽ. എ. ഫണ്ടിൽനിന്ന് വാങ്ങിക്കാൻ പാടുള്ളൂ എന്നാണ് ഫിനാൻസിന്റെ നിർദ്ദേശം. ഒരു ലക്ഷം രൂപ കൊടുത്ത് സ്ക്കൂൾ പി.ടി.എ.യുടെ സഹായത്തോടെ നാല് കമ്പ്യൂട്ടറുകൾ വാങ്ങാൻ സൗകര്യമുണ്ടായിരുന്നത് ഉപേക്ഷിച്ചിട്ട് രണ്ടെണ്ണമായിട്ട് ചുരുക്കി. ഇത്തരം പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ പതിമൂന്നാമത്തെ പേപ്പറായി നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായി IT @ School പദ്ധതി വരുമ്പോൾ അത് പ്രാവർത്തികമാക്കാനാവശ്യമായ സംവിധാനം സർക്കാർ ഉണ്ടാക്കേണ്ടതാണ്. അതുപോലെതന്നെ ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി ഏകപക്ഷീയമായിട്ട് അദ്ധ്യാപകൻ വിദ്യാർത്ഥികളെ മൂല്യനിർണ്ണയം നടത്തുന്ന നിലയിൽ മാത്രമാണ് വരുന്നത്. ഹൈസ്ക്കൂളിനും മുകളിലോട്ടെങ്കിലും കുട്ടി അദ്ധ്യാപകനെ മൂല്യനിർണ്ണയം നടത്തുന്ന രീതി കൂടി ഇതിന്റെ ഭാഗമായി വന്നാൽ മാത്രമേ എന്തെങ്കിലും പഴുതുകളുണ്ടെങ്കിൽ അത് കണ്ടുപിടിക്കാനാവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിയൂ. അതിന് എന്തെങ്കിലും വകുപ്പ് ഇതിനകത്തുണ്ടോ എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: കമ്പ്യൂട്ടർ ഇല്ലാത്ത സ്ക്കൂളുകൾക്ക് വേണ്ടി കഴിഞ്ഞ വർഷം 390 കമ്പ്യൂട്ടറുകൾ വാങ്ങിച്ചുകൊടുത്തു. ഇതിനുവേണ്ടി ആറരക്കോടിരൂപ ചെലവാക്കി. ഈ വർഷം കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുവേണ്ടി 16 കോടിയിൽപ്പരം രൂപ നീക്കിവച്ചിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ്: ഇന്റേണൽ അസ്സസ്മെന്റിന്റെ മാർക്ക് നിർണ്ണയിക്കുന്നതിലാണ് വളരെയേറെ ആക്ഷേപങ്ങൾ ഇപ്പോൾ നിലവിലുള്ളത്. ഇന്റേണൽ അസ്സസ്മെന്റ് നടത്തുമ്പോൾ കാറ്റഗറി വൈസ് ആക്കുന്നതിനുള്ള നിർദ്ദേശമെങ്കിലും വേണം. ഉദാഹരണത്തിന്, സ്പോർട്ട്സിന് ഇത്ര, ആർട്ട്സ് വിഷയങ്ങൾക്ക് ഇത്ര, സാംസ്ക്കാരിക വിഷയങ്ങൾക്ക് ഇത്ര, പ്രവൃത്തി പരിചയത്തിന് ഇത്ര, അങ്ങനെ ഓരോ വിഷയത്തിലായിട്ട് ഇത്ര ശതമാനം മാർക്ക് എന്ന നിബന്ധന വരുത്തുവാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഇന്റേണൽ അസ്സസ്മെന്റിൽ ഓരോ വിഷയവും പ്രത്യേകം പ്രത്യേകം അസ്സസ് ചെയ്യുകയാണ്. അസ്സസ്മെന്റിൽ തകരാർ പറ്റിയിട്ടുണ്ടെങ്കിൽ അത് പരാതിപ്പെടാം. ഹെഡ്മാസ്റ്റർ, ഡി.ഇ.ഒ. അടക്കമുള്ള കമ്മിറ്റിക്കാണ് പരാതിപ്പെടേണ്ടത്. അവർ അത് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കും.

ശ്രീ. പി.ടി. തോമസ്: ഗ്രേഡിംഗ് സമ്പ്രദായം പുതിയതായി വരുന്നതിനെ തുടർന്ന് വിദ്യാഭ്യാസ മേഖലയിൽ വലിയ ആശങ്കയുണ്ട്. അദ്ധ്യാപകർക്കും ഉന്നത തലത്തിലുള്ളവർക്കും കുറച്ച് പരിശീലനങ്ങളൊക്കെ നൽകിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമായി നിലനിൽക്കെ തന്നെ സമൂഹത്തിൽ ഉണ്ടായിട്ടുള്ള ആശങ്ക അകറ്റേണ്ടതുണ്ട്. അതിനുവേണ്ടി എ.ഇ.ഒ. തലത്തിലെങ്കിലും താൽപ്പര്യമുള്ള ബഹുജനങ്ങളെയും അതുപോലെതന്നെ പത്രങ്ങളേയും മറ്റ് ബഹുജന മാധ്യമങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലെ 14 ജില്ലകളിലും ഗ്രേഡിംഗിനെ സംബന്ധിച്ച ഒരു ചർച്ച സംഘടിപ്പിക്കുമോ? അതിൽ കിട്ടുന്ന ചില നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണെങ്കിൽ പരിഗണിക്കാൻ തയ്യാറാകുമോ? ഞാനൊരു ഉദാഹരണം പറയാം, 90 മുതൽ 99.9 വരെ മാർക്ക് കിട്ടുന്നവർ A+ൽ ആണ് വരിക. സ്വാഭാവികമായും 99.9 മാർക്ക് കിട്ടുന്ന ഒരു കുട്ടിയും 90 മാർക്ക് കിട്ടുന്ന ഒരു കുട്ടിയും ഒരേ ഗ്രേഡിൽ നിൽക്കുകയാണ്. അത് അടക്കമുള്ള നിരവധി പ്രശ്നങ്ങളുണ്ട്. അതുപോലെതന്നെ ഐ.റ്റി.യുടെ കാര്യത്തെ സംബന്ധിച്ച്, കമ്പ്യൂട്ടർ നമ്മൾ പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്നതേയുള്ളു. കമ്പ്യൂട്ടർ എക്സാം നടന്നതിന്റെ കഥകൾ വളരെ ശോചനീയമാണ്. കാരണം കമ്പ്യൂട്ടർ എക്സാം നടത്തുന്നതിനുള്ള സിസ്റ്റംസ് ഒന്നുംതന്നെ സത്യത്തിൽ നമ്മുടെ എല്ലാ സ്ക്കൂളുകളിലും വേണ്ടത്ര ആയിട്ടില്ല. അതിന്റെ ശൈശവദശയായതുകൊണ്ടാണ്. ഞാൻ കുറ്റപ്പെടുത്തുകയല്ല. IT at School നന്നായി നടത്തിക്കൊണ്ടുപോകാനുള്ള ശ്രമങ്ങളൊക്കെ അവർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഈ പോരായ്മകളൊക്കെ ഉണ്ടാകുമ്പോൾ അതൊക്കെ പരിഹരിക്കുന്നതിന് കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തമുള്ള ഒരു ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : ഞാൻ പറഞ്ഞു, പി.ടി.എ.യുടെ നേതൃത്വത്തിൽ, അതുപോലെ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ ജില്ലാ ലവലിൽ സംഘടിപ്പിക്കാം. എം.എൽ.എ.മാർക്ക് അതിന്റെ കോപ്പി കൊടുക്കുന്നുണ്ട്. എം.എൽ.എ.മാരും ജനപ്രതിനിധികളും അടങ്ങുന്ന സമിതി, ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിന്റെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ആ സമിതി വ്യാപകമായി പ്രചരണം നടത്തുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സാമൂഹികമായ ഒരു കാഴ്ചപ്പാട് വച്ചുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ഇതിൽ വൈജ്ഞാനികവും അതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുപാട് കാര്യങ്ങൾ വേറെയുമുണ്ട്. വികലാംഗരായ വിദ്യാർത്ഥികൾ, ശാരീരികമായി അവശതയുള്ള കുട്ടികൾ തുടങ്ങിയ മേഖലകളിൽപ്പെട്ട, മറ്റ് കുട്ടികളോടൊപ്പം ഒപ്പത്തിനൊപ്പം എത്താൻ കഴിയാത്ത കുട്ടികളുണ്ട്. അവരെ ഗ്രേഡ് ചെയ്യുമോ; നേരത്തെ ശ്രീമതി ടീച്ചർ പറഞ്ഞു വളരെ കോംപ്ലിക്കേറ്റഡാണ്, സംഗീതം, ക്രാഫ്റ്റ്, ഡ്രിൽ അങ്ങനെയുള്ള എല്ലാം എന്ന്. ഏത് രീതിയിലാണ് ആ കുട്ടികൾക്ക് ആ ഗ്രേഡിംഗിനൊപ്പം എത്താൻ കഴിയുക? അതിൽ ഏതെങ്കിലും വിധത്തിലുള്ള ആലോചനകൾ നടത്തിയിട്ടുണ്ടോ; പ്രത്യേകിച്ച് വികലാംഗരായ ശാരീരിക അവശതയുള്ള കുട്ടികളുടെ കാര്യമാണ് ചോദിക്കുന്നത്.

ശ്രീ. നാലകത്ത് സൂപ്പി: ഗ്രേഡിംഗിനെസംബന്ധിച്ച് എഴുത്ത് പരീക്ഷ നിർബന്ധമാണ്. കൂടാതെ ഗ്രേഡിംഗിൽ സഹവൈജ്ഞാനിക മേഖലയിലുള്ള വിഷയങ്ങളും കൂട്ടി മാർക്ക് കിട്ടാവുന്നതേയുള്ളു. സഹവൈജ്ഞാനിക മേഖലയിൽ പരിപൂർണ്ണമായി തോറ്റാലും എഴുത്ത് പരീക്ഷയ്ക്ക് ജയിച്ചാൽമതി. അതാണ് ഒരു പ്രത്യേകത.

ശ്രീ. കെ. സി. വേണുഗോപാൽ: ഇവിടെ ഇന്റേണൽ അസ്സസ്മെന്റ് ഏറ്റവും കൂടുതൽ ആശങ്കയുണ്ടാക്കുന്ന വിഷയമാണ്. പണ്ട് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉണ്ടായിരുന്ന ഇന്റേണൽ അസ്സസ്മെന്റിന് എതിരായി സമരം നടത്തിയവരാണ് ഇവിടുത്തെ വിദ്യാർത്ഥികൾ. ഇതു സംബന്ധിച്ച് ഇന്ന് നമ്മുടെ രക്ഷകർത്താക്കളിൽ വലിയ ആശങ്കയും ഉത്ക്കണ്ഠയുമുണ്ട്. കുട്ടികളുടെ റിസൾട്ട് വരുമ്പോൾ മാർക്ക് കുറഞ്ഞ കുട്ടികളാണെങ്കിൽ അവർ അപ്പോൾതന്നെ പരാതി പറയുകയാണ് എല്ലായിടത്തും. ഇന്റേണൽ അസ്സസ്മെന്റിനെക്കുറിച്ച് വ്യാപകമായ പരാതികൾ ഇക്കാര്യത്തിൽ വരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇതിപ്പോൾ ഏല്പിച്ചിരിക്കുന്നത് ഉപരിതലത്തിൽ ഡി.ഇ.ഒ.മാരേയും ഡി.ഡി.മാരേയും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെയുമാണ്; അവരെക്കുറിച്ചാണ് സ്വാഭാവികമായി പരാതികളുണ്ടാകുന്നത്. ഇത് നിഷ്പക്ഷമായി നടത്താൻ, ഇന്റേണൽ അസ്സസ്മെന്റിലെ പരാതികൾ പരിഹരിക്കാൻ ഒരു ഫലപ്രദമായ ഏജൻസി, നിഷ്പക്ഷമായി വിദ്യാഭ്യാസ മേഖലയിലെ വിചക്ഷണന്മാരുൾപ്പെടുന്ന ഏജൻസി സൂപ്പീരിയറായിട്ട് സംസ്ഥാന തലത്തിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഇന്റേണൽ അസ്സസ്മെന്റിന്റെ കാര്യത്തിൽ ചെയ്യാവുന്ന സൗകര്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച ചെയ്യണമെങ്കിൽ ചർച്ച ചെയ്യാം.

ശ്രീ. സി. മമ്മൂട്ടി : ശ്ലാഘനീയമായ ഒരു നീക്കമാണ് നടക്കുന്നതെങ്കിൽ ഇക്കാര്യത്തിൽ ഒരുപാട് തയ്യാറെടുപ്പ് ആവശ്യമുണ്ട്. പക്ഷേ ഇപ്പോൾ ഗ്രേഡിംഗ് സിസ്റ്റം കണക്കാക്കുന്നത് ക്ലാസിലുള്ള ഓരോ കഴിവും കൂടി വിലയിരുത്തിയാണ്. എന്നാൽ പ്രൈവറ്റായി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഗ്രേഡിംഗ് എങ്ങനെയാണ് കണക്കാക്കുന്നത്? അവർ ക്ലാസിൽ പോകുന്നില്ല, പരീക്ഷ മാത്രം അറ്റൻറ് ചെയ്യുകയാണ്. പ്രൈവറ്റായിട്ട് പരീക്ഷ എഴുതുന്ന ഒരു കുട്ടിയുടെ ഗ്രേഡിംഗ് എങ്ങനെ കണക്കാക്കും; അതിനുള്ള സംവിധാനം എന്താണ്? അത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് വല്ല സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: പ്രൈവറ്റ്, ഓവർഏജ്ഡ് കൃാൻഡിഡേറ്റുകളെ സംബന്ധിച്ചിടത്തോളം രണ്ടോ മൂന്നോ കൊല്ലം പഴയ സ്ക്കീമിൽ തന്നെയാണ് പരീക്ഷ നടത്തുക. അതുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ച ചെയ്യാമെന്നാണ് പറയാനുള്ളത്.

ശ്രീ. വി. കെ. ചന്ദ്രൻ : ഗ്രേഡിംഗ് സമ്പ്രദായത്തിൽ ഏതാണ്ട് കതിരിന്മേൽ വളം വയ്ക്കുന്ന ഒരു സംവിധാനമാണ് വന്നിരിക്കുന്നത്. പത്താം ക്ലാസ്സിൽ ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കുമ്പോൾ ആ കുട്ടികളെ നേരത്തേതന്നെ ഗ്രേഡിംഗ് സംവിധാനത്തിലേയ്ക്ക് ഒരുക്കിക്കൊണ്ടു വരേണ്ട ചുമതലയുണ്ട്. അതിന് അടിസ്ഥാനപരമായുള്ള വിദ്യാഭ്യാസ നയത്തിൽ മാറ്റം വരുത്തണം. അതിന് ഒന്നാം ക്ലാസ്സുമുതൽ എസ്. എസ്. എൽ. സി. വരെയുള്ള വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനപരമായ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി : മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. ഒമ്പതാം ക്ലാസ്സിൽ ഇപ്പോൾ ഗ്രേഡിംഗ് ഉണ്ട്.

ശ്രീ. വർക്കല കഹാർ : നമ്മുടെ നാട്ടിലെ കുട്ടികളിൽ വലിയൊരു വിഭാഗം ജോലിക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. അവിടെ എസ്.എസ്. എൽ.സി. മാനദണ്ഡമായിട്ടുള്ള ഉദ്യോഗങ്ങൾക്ക് സർട്ടിഫിക്കറ്റിലെ മാർക്കാണ് നോക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഗ്രേഡിംഗ് ഉണ്ടോ? മറ്റ് സംസ്ഥാനങ്ങളിലില്ലാതെ ഇവിടെ ഇത് നടപ്പിലാക്കിയാൽ പുറത്തുപോയി ജോലി അന്വേഷിക്കുന്നവർക്ക് തടസ്സമായി ഭവിക്കില്ലേ ?

ശ്രീ. നാലകത്ത് സൂപ്പി : യാതൊരു തടസ്സവുമില്ല. സെൻട്രൽ ബോർഡ് ഓഫ് എക്സാമിനേഷൻ പറഞ്ഞതാണ്, ഗ്രേഡിംഗ് നടത്തണമെന്ന്. അതുമായി ബന്ധപ്പെട്ട് ഗ്രേഡിംഗ് നടപ്പിലാക്കുന്നതിൽ യാതൊരു തടസ്സവുമില്ല.

ശ്രീ. ടി. കെ. ദേവകുമാർ : ഒരു വ്യക്തിയെ സംബന്ധിച്ച് എസ്.എസ്.എൽ.സി. വിദ്യാഭ്യാസമെന്നു പറയുന്നത് വിദ്യാഭ്യാസ കാലഘട്ടത്തിലെ നാൽക്കവലയാണ്. കുട്ടികൾ എവിടേയ്ക്ക് തിരിയണമെന്ന് തീരുമാനിക്കുന്നത് അവിടെവച്ചാണ്. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറെക്കൂടി ഗൗരവമായി സമീപിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. കാരണം ഇപ്പോൾത്തന്നെ ഗ്രേഡിംഗ് സംവിധാനത്തിൽ എ. ഗ്രേഡ് കിട്ടുന്നവർക്ക് എ+ കിട്ടാനുള്ള എന്തെങ്കിലും സംവിധാനം നമ്മൾ ആലോചിച്ചിട്ടുണ്ടോ? അതേസമയം ഇതിനകത്ത് നില മെച്ചപ്പെടുത്താൻ ഒരു സംവിധാനം നമ്മൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഗ്രേഡിംഗ് നിലവിൽ വന്നാലും ബി+ ന് താഴെയുള്ളവർക്ക് 'സേ' പരീക്ഷ ഏർപ്പെടുത്തുന്നുണ്ട്. എന്നാൽ 'എ' ഗ്രേഡ് കിട്ടുന്നയാളിന് എ+ കിട്ടാനുള്ള സംവിധാനം നിർദ്ദേശിച്ചിട്ടില്ല. അത് ഗൗരവമായി പരിശോധിക്കപ്പെടേണ്ട ഒരു കാര്യമാണ്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ബി.എഡ്ഡ്.-നും ടി.ടി.സി.ക്കും ഒക്കെ അദ്ധ്യാപകരെയെല്ലാം പരിശീലിപ്പിക്കുന്നുണ്ട്. സ്പെഷ്യൽ ടീച്ചേഴ്സിന്റെ തസ്തിക നിർത്തിയിട്ടാണ് കുട്ടികളുടെ കായിക ക്ഷമത പരിശോധിക്കാൻ പറയുന്നത്. അതുകൊണ്ട് ആ സ്പെഷ്യൽ അദ്ധ്യാപകരുടെ തസ്തിക നിലനിർത്തി അത് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഒരു ചെറിയ കാര്യം കൂടി പറയട്ടെ. സി.ബി.എസ്.ഇ. സിലബസിൽ പത്താംക്ലാസ്സിൽ അഞ്ച് പേപ്പർ മാത്രമാണുള്ളത്. സ്റ്റേറ്റ് സിലബസ്സിലാണെങ്കിൽ അത് പതിമൂന്ന് പേപ്പറുണ്ട്. എങ്ങനെ ഈ വ്യത്യാസം പരിഹരിക്കാൻ കഴിയുമെന്ന് അങ്ങ് നിർദ്ദേശിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി : സി.ബി.എസ്.ഇ. സിലബസ്സിൽ അഞ്ച് പേപ്പറാണ്. പത്താം ക്ലാസിൽ നമ്മുടെ എസ്.എസ്.എൽ.സി.-ക്ക് പതിമൂന്ന് പേപ്പറാണ്. ഇത് നിലനിർത്തികൊണ്ടുതന്നെ ഗ്രേഡിംഗ് നടപ്പിലാക്കാം. അങ്ങ് നിർദ്ദേശിച്ച സ്പെഷ്യൽ ടീച്ചേഴ്സിന്റെ കാര്യത്തിൽ ഇപ്പോൾ അനുകൂലമായ തീരുമാനം പറയാൻ പറ്റില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഭൂതത്തെ കുടത്തിൽ നിന്ന് തുറന്നു വിടുന്ന ഒരു പരിഷ്ക്കാരത്തെക്കുറിച്ചാണ് ഇപ്പോൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിൽ എല്ലാം അണുകുടുംബങ്ങളാണ്. എട്ട് ലക്ഷം കുട്ടികൾ, അതായത് കേരളത്തിന്റെ പത്തിലൊരു കുടുംബങ്ങൾ ഓരോ എസ്.എസ്.എൽ.സി. പരീക്ഷയും ശ്രദ്ധാപൂർവ്വം കാതോർക്കുന്നതാണ്. ഗ്രേഡിംഗ് നല്ലൊരു ആശയമാണ്. പക്ഷേ വളരെ ധൃതിപിടിച്ചും വേണ്ടത്ര ഹോംവർക്ക് ഇല്ലാതെയും അതുസംബന്ധിച്ചുള്ള പ്രചരണങ്ങളും ബോധവൽക്കരണവും ഇല്ലാതെയും നടപ്പിലാക്കിയാൽ ഏറ്റവും വലിയ കുഴപ്പം ഉണ്ടാകും. എയ്ഡഡും അൺഎയ്ഡഡും ആയിട്ടുള്ള സ്ക്കൂളുകളും സ്റ്റേറ്റ് സിലബസിൽത്തന്നെ കുട്ടികളെ കൊണ്ടുവന്നു പല സ്ഥലത്തും ഈ പരീക്ഷ എഴുതിക്കുന്നു. ഇവരുടെ ഇന്റേണൽ അസസ്സ്മെന്റ് സംവിധാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ അദ്ധ്യാപകർ വിവേചനം കാട്ടാൻ സാദ്ധ്യതയുണ്ട്. വിദ്യാഭ്യാസ മേഖലയിൽ മാത്രമാണ് അഴിമതിയില്ലാതിരുന്നത്. ഈ പരിഷ്ക്കാരം വഴി അൺഎയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളോട് ഈ ഇന്റേണൽ അസസ്സ്മെന്റിൽ അദ്ധ്യാപകർ വിവേചനം കാട്ടാൻ സാധ്യതയുണ്ട്. എന്റെ മണ്ഡലത്തിലെ മുൻ എം.എൽ.എ. ശ്രീ. അനിരുദ്ധന്റെ മകൻ ഇന്റേണൽ അസ്സസ്മെന്റിന്റെ പേരിൽ എം.ബി.ബി.എസ്. പരീക്ഷയുടെ അവസാന ദിവസം

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യ ചെയ്തു. ഇങ്ങനെയുള്ള ഇന്റേണൽ അസ്സസ്മെന്റിൽ അദ്ധ്യാപകരുടെ അനാവശ്യമായ കൈകടത്തലുകളും വിവേചനവും ഉണ്ടായാൽ ഇതിനെ ഒഴിവാക്കാനും അതിജീവിക്കാനും കഴിയത്തക്ക രീതിയിൽ ഈ ഗ്രേഡിംഗ് സമ്പ്രദായം കുറ്റമറ്റതാക്കാൻ എന്ത് നടപടിയാണ് നമ്മുടെ മുന്നിലുള്ളത്?

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ പറഞ്ഞു, അൺഎയ്ഡഡ് മേഖലയിലെ ഇന്റേണൽ അസ്സസ്മെന്റ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കും.

ശ്രീ. എ. കെ. ബാലൻ: ഈ അദ്ധ്യയന വർഷത്തിൽ ഉടനീളമുള്ള കഴിവുകൾ പരിശോധിക്കപ്പെടുന്ന ഒരു മൂല്യനിർണ്ണയ രീതിയാണ് ഇത്. ഏറ്റവും നല്ല സമ്പ്രദായമാണ്. ഈ അക്കാദമിക് ഇയറിൽ ഇത് നടപ്പിലാക്കുവാൻ കഴിയുകയില്ല. 94 ഹൈസ്ക്കൂളുകളിൽ കമ്പ്യൂട്ടറുകൾ ഇല്ല. പതിമൂന്ന് ഹൈസ്ക്കൂളുകളിൽ ഇലക്ട്രിക് കണക്ഷൻ ഇല്ല. വൈജ്ഞാനിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പേപ്പർ സ്വാഭാവികമായും ഫലപ്രദമായി നടപ്പിലാക്കുവാൻ, എഴുതുവാൻ കുട്ടിക്ക് കഴിയുകയില്ല. പാർട്ട് III പരിപൂർണ്ണമായി ഡിലീറ്റ് ചെയ്യണം. സംഘ പ്രവർത്തന നൈപുണി, ആശയ വിനിമയം, നേതൃത്വഗുണം, കൃത്യനിഷ്ഠ ഇതിലൊന്നുംതന്നെ അദ്ധ്യാപകന് അസ്സസ്മെന്റ് നടത്താൻ പറ്റുകയില്ല. നേതൃത്വഗുണം എന്നു പറഞ്ഞാൽ എങ്ങനെയാണ് മാർക്ക് കൊടുക്കുവാൻ പറ്റുക? ആർക്കാണ് കൊടുക്കുവാൻ പറ്റുക? വിവേചനപരമായ സമീപനം മാനേജുമെന്റുകൾ സ്വീകരിക്കും എന്നുള്ളതു കൊണ്ടുതന്നെ ഈ പ്രാവശ്യം നടപ്പാക്കാതെ പാർട്ട് III ഡിലീറ്റ് ചെയ്യണം. കമ്പ്യൂട്ടർ സാർവ്വത്രികമാക്കുക. അല്ലാത്തിടത്തോളം കാലം ഈ പ്രാവശ്യം അത് നടപ്പിലാക്കാൻ കഴിയുകയില്ല. ഫലപ്രദമായി ഇതിന്റെ ഗുണം ലഭിക്കുകയില്ല. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: പാർട്ട് III ഒഴിവാക്കുവാൻ പ്രയാസമാണ്. ഒരു വിദ്യാർത്ഥിയുടെ എല്ലാവിധ കഴിവുകളും വിലയിരുത്തപ്പെടണം. ഇപ്പോൾ അതല്ല ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാണ് പാർട്ട് III ഉൾപ്പെടുത്തിയത്.

മി. സ്പീക്കർ: ഉദാഹരണമായിട്ട് ശ്രീ. ബാലൻ തന്നെ. നമുക്ക് എല്ലാവർക്കും അറിയാം ബാലന് എ പ്ലസ് തരണമെന്നുള്ളത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: പല ഘടകങ്ങളും ഗ്രേഡിംഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇന്നു വളരുന്ന തലമുറയ്ക്ക് വായന കുറയുന്നു എന്ന വിമർശനം നമ്മുടെ രാജ്യത്ത് നിലനില്ക്കുന്നുണ്ട്. പാഠപുസ്തകങ്ങൾ പോലും പഠിക്കാതെ നോട്ടുകൾ മാത്രം പഠിച്ച് ജയിക്കുകയാണ്. സ്കൂൾ ലൈബ്രറികൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. അതുകൊണ്ട് മാസത്തിൽ ഒരിക്കലെങ്കിലും ഇത്ര നമ്പർ പുസ്കങ്ങൾ വായിച്ച് അതിന്റെ ഉള്ളടക്കം എഴുതി വായനയ്ക്ക് മാർക്ക് നൽകുന്ന ഒരു പരിപാടിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി : അത് ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : പൊതുവേ സ്വാഗതം ചെയ്യപ്പെട്ട ഒരു സ്കീമാണ് ഈ ഗ്രേഡിംഗ് സിസ്റ്റം. പക്ഷേ ഡി.പി.ഇ.പി. നടപ്പിലാക്കിയ കാലഘട്ടത്തിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ളാസ്സുകളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കി. ആ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കിയപ്പോൾ ചില പോരായ്മകൾ ഉണ്ടായതായി അറിഞ്ഞു. അതിനു ബദലായിട്ടാണ് റിട്ടൺ ടെസ്റ്റ്. ഗ്രേഡിംഗ് സിസ്റ്റം നടപ്പാക്കുമ്പോൾ ഇത് പൊതുവായി ക്ളാസ് റൂമിലാണോ പരീക്ഷ നടത്തുന്നത്, അതോ ടീച്ചർ നേരിട്ട് കുട്ടിയെ വിളിച്ച് ഇന്റർവ്യൂ നടത്തുന്ന സിസ്റ്റമാണോ നടപ്പാക്കപ്പെടുന്നത് എന്ന് അറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. നാലകത്ത് സൂപ്പി: ടീച്ചർ ഒരു കുട്ടിയുടെ ബഹുമുഖമായ കഴിവുകൾ വിലയിരുത്തുന്നു. അതുപോലെ അക്കാദമിക് കഴിവുകൾ കണ്ട് ആ കുട്ടിയുടെ ഗ്രേഡിംഗ് വിലയിരുത്തപ്പെടുന്നു. ഡി.പി.ഇ.പി. നടന്ന കാലഘട്ടത്തിൽ ഒരുപാട് ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. ആ ആക്ഷേപങ്ങളൊക്കെ ഒഴിവാക്കിയിട്ടുണ്ട്.

വിസ തട്ടിപ്പ് തടയാൻ നടപടി

*3 [122] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിസ തട്ടിപ്പുകേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിസതട്ടിപ്പ് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കാനും റിക്രൂട്ട്മെന്റുകൾ സർക്കാർ അറിഞ്ഞു നടത്താനും ഉതകുന്ന തരത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) തൊഴിൽരഹിതരായ യുവാക്കളെ തട്ടിപ്പിനിരയാക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഉണ്ട്.

(ബി) (1) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിനുവേണ്ടി സ്റ്റേറ്റ്തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നോർക്കാ വകുപ്പുമന്ത്രി ചെയർമാനും നോർക്കാ വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ലേബർ കമ്മീഷണർ, ഡയറക്ടർ ഓഫ് പബ്ലിക്